## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 838** **17-09-2025 - ൽ മറുപടിയ്ക്ക്**

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരൻ ചികിത്സക്ക് പണമില്ലാതെ മരിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശമ്പള കുടിശ്ശിക ലഭിക്കാത്തത് മൂലം വൃക്ക രോഗിയായ മലബാർ ദേവസ്വം ബോർഡ് ജീവനക്കാരൻ ചികിത്സിക്കാൻ പണമില്ലാതെ രോഗം മൂർച്ഛിച്ച് മരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുളള ശ്രീ. പള്ളിക്കുറുപ്പ് മഹാവിഷ്ണു ക്ഷേത്രത്തിലെ ജീവനക്കാരനായിരുന്ന ശ്രീ. ചന്ദ്രൻ. ആരോഗ്യകാരണങ്ങളാൽ സർവിസിൽ നിന്നും ടിയാൻ 30.11.2024 -ന് സ്വയം വിരക്കുകയുണ്ടായി. ക്ഷേത്രത്തിൽ മതിയായ ഫണ്ടില്ലാത്തതിനാലാണ് ക്ഷേത്രത്തിൽ നിന്ന് അനുവദിക്കേണ്ടതായ മുൻ കുടിശ്ശിക അനുവദിക്കാത്തതെന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | നാലുലക്ഷം രൂപ ശമ്പള കുടിശ്ശിക ലഭിക്കാൻ ഉണ്ടായിരുന്ന ജീവനക്കാരന് സ്വന്തം ചികിത്സാ ആവശ്യത്തിന് പോലും പ്രസ്തുത പണം ലഭിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മലബാർ ദേവസം ബോർഡിനു കീഴിലുളള ഒളപ്പമണ്ണ ഗ്രൂപ്പ് ദേവസ്വത്തിലെ ശ്രീ പള്ളിക്കുറുപ്പ് മഹാവിഷ്ണു ക്ഷേത്രത്തിലെ നൈറ്റ് വാച്ച്മാൻ തസ്തികയിലെ ജീവനക്കാരനായിരുന്ന ശ്രീ. ചന്ദ്രൻ ആരോഗ്യകാരണങ്ങളാൽ സർവിസിൽ നിന്നും 30.11.2024 - ന് സ്വയം വിരമിച്ച ആളാണ്. ശ്രീ. പള്ളിക്കുറുപ്പ് ക്ഷേത്രം ഉൾപ്പെടെ ഒളപ്പമണ്ണ ഗ്രൂപ്പ് ക്ഷേത്രങ്ങൾക്ക് 2010 വരെയും 2016 മുതൽ 2023 വരെയും ശമ്പളകടിശ്ശിക ബോർഡിൽ നിന്നും അനുവദിക്കുകയുണ്ടായിട്ടുണ്ട്. ക്ഷേത്രങ്ങൾക്ക് ബോർഡിൽ നിന്നും ശമ്പളകുടിശ്ശിക നൽകി വരുന്നത് അതാത് കാലത്തെ ശമ്പളകടിശ്ശിക അനുവദിക്കുന്നതിനുള്ള ക്ഷേത്ര വരുമാന പരിധി കണക്കാക്കിയാണ്. 2010 - 15 കാലയളവിൽ ഒളപ്പമണ്ണ ഗ്രൂപ്പിലെ 28 ക്ഷേത്രങ്ങളേയും ഭരണപരമായ കാര്യങ്ങൾക്ക് ഒരു യൂണിറ്റായാണ് ക്ഷേത്ര ഭരണ പദ്ധതി പ്രകാരം കണക്കാക്കിയിരുന്നത് എന്നതിനാലും ഒളപ്പമണ്ണ ഗ്രൂപ്പ് ക്ഷേത്രങ്ങളുടെ ആകെ വരുമാനം ടി കാലയളവിലെ ശമ്പള കുടിശ്ശികമാനദണ്ഡപരിധിയിൽ കൂടുതലായതിനാലും, ശ്രീ. ഒളപ്പമണ്ണ ഗ്രൂപ്പ് ദേവസ്വത്തിന് 2010 മുതൽ 2015 വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക ബോർഡിൽ നിന്ന് അനുവദിക്കുകയുണ്ടായില്ല. ശമ്പളകടിശ്ശിക മാനദണ്ഡത്തിന് മുകളിൽ വരുമാന |

| | | | |
|---|---|---|---|
| | | | പരിധിയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത് അതത് ക്ഷേത്രങ്ങളിൽ നിന്നാണ്. പിന്നിട് ഭരണ പദ്ധതി ഭേദഗതി ചെയ്തത് പ്രകാരം 2016 മുതലുള്ള ശമ്പളകടിശ്ശിക മേൽക്ഷേത്രങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. 2010 - 2015 കാലയവിൽ ടി ക്ഷേത്രത്തിലെ ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിക്കേണ്ടത് ക്ഷേത്രഫണ്ടിൽ നിന്നാണ് എങ്കിലും ക്ഷേത്രത്തിൽ മതിയായ ഫണ്ടില്ലാത്തതിനാൽ ക്ഷേത്രത്തിൽ നിന്നും ജീവനക്കാർക്ക് കുടിശ്ശിക അനുവദിച്ചിട്ടില്ല. 2024 വർഷത്തെ ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് ക്ഷേത്ര ഭരണാധികാരി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, നിലവിൽ അതത് ബോർഡിന്റെ പരിഗണനയിലുള്ളതുമാണ് എന്ന് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനുള്ള ഇദ്ദേഹത്തിന്റെ അപേക്ഷ നിഷേധിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരവും ആശ്രിതർക്ക് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം അതത് ക്ഷേത്രത്തിന്റെ ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (വാർഷിക വരുമാനം 25 ലക്ഷം രൂപയ്ക്ക് താഴെ) ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള സാമ്പത്തികസഹായം മാത്രമാണ് വ്യവസ്ഥകൾക്ക് വിധേയമായി ബോർഡ് അനുവദിക്കുന്നത്. സർവ്വീസിൽ നിന്നും സ്വയം വിരമിച്ച ശ്രീ. ചന്ദ്രൻ എന്നവരുടെ ഉൾപ്പെടെ ശ്രീ. പള്ളിക്കുറുപ്പ് ക്ഷേത്രത്തിന്റെ ശമ്പള കുടിശ്ശിക അപേക്ഷ ബോർഡ് നിഷേധിച്ചിട്ടില്ലാത്തതാണ്. 2024 - ലെ ശമ്പളകുടിശ്ശിക അനുവദിക്കുന്നതിലും അനുകൂല നടപടികൾ സ്വീകരിക്കുന്നതിനായി ശിപാർശ ചെയ്ത് ശ്രീ പള്ളിക്കുറുപ്പ് ക്ഷേത്രത്തിലുൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളകുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ് ഉണ്ടായിട്ടുള്ളത് എന്നും ഇക്കാര്യത്തിൽ ബോർഡിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലാത്തതാണ് എന്നും ക്ഷേത്രത്തിൽ മതിയായ ഫണ്ടില്ലാത്തതിനാലാണ് ക്ഷേത്രത്തിൽ നിന്ന് അനുവദിക്കേണ്ടതായ മുൻ കുടിശ്ശിക അനുവദിക്കാത്തതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്ന രീതിയിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ നിന്ന് വിഭിന്നമായി മലബാർ ദേവസ്വം ബോർഡിന് മലബാറിലെ ക്ഷേത്രങ്ങളുടെ മേൽ supervisory jurisdiction മാത്രമേ ഉള്ളു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത് അതാത് ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നുമാണ്. എന്നാൽ 25 |

| | | | |
|---|---|---|---|
| | | | ലക്ഷം വരെ മാത്രം വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേത്ര വരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വ്യവസ്ഥയ്ക്ക് വിധേയമായി ആകെ ശമ്പളത്തിന്റെ പരമാവധി 70 ശതമാനം വരെ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് മലബാർ ദേവസ്വം മാനേജമെന്റ് ഫണ്ടിൽ നിന്ന് അനുവദിച്ച് വരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനു നടപ്പുവർഷത്തിൽ 37.53 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 26.15 കോടി രൂപ സാലറി ഇനത്തിൽ ഉള്ളതാണ്. 11.38 കോടി രൂപ നോൺ സാലറി ഇനത്തിലും. കൂടാതെ സർക്കാർ തലത്തിൽ ദേവസ്വം ബോർഡുകളുമായി നടത്തിയ യോഗങ്ങളിൽ ഇതുവരെ സ്വയംപര്യാപ്തത കൈവരിക്കാത്ത ക്ഷേത്രങ്ങൾ ആയതു കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും തീരുമാനം എടുത്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ